പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ. T 4452

26.06.2014 ൽ

മറുപടിക്ക്

## അച്ചൻകോവിലാറിന്റെ സംരക്ഷണം

ചോദ്യം

ശ്രീ.കെ.രാജു :

ഉത്തരം

ശ്രീ.അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അച്ചൻകോവിലാറിന്റെ അച്ചൻകോവിൽ ക്ഷേത്രത്തിന് സമീപമുള്ള കര ഇടിഞ്ഞ് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) | പ്രസ്തുത ആറിന്റെ കരഭാഗം കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) പ്രസ്തുത ഭാഗം സംരക്ഷിക്കുന്നതിനായി ആര്യങ്കാവ് പഞ്ചായത്തിലെ കട്ടത്തിൽ മണ്ണിൽ ഭാഗത്ത് അച്ചൻകോവിൽ നദിയുടെ ഇടതുകര സംരക്ഷണം പ്രളയക്കെടുതി നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 50.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കും സാമ്പത്തികാനുമതിക്കുമായി ലഭിച്ചിട്ടുള്ള പ്രപ്പോസൽ ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ പരിശോധിച്ചു വരുന്നു. |
| (സി) | ഇതു സംബന്ധിച്ച് കൊല്ലം ജില്ലാ റിവർ മാനേജ്മെന്റ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) ഇല്ല. ടി പ്രവൃത്തി പ്രളയക്കെടുതി നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ